"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - ജീവനകാര്യം - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 വർഷത്തെ അക്കൗണ്ടന്റ്/ഹെഡ്ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.2486/2023/LSGD തീയതി,തിരുവനന്തപുരം, 14-12-2023

---

പരാമർശം:-

1. ശ്രീമതി.സുലത എസ് സമർപ്പിച്ച 04.07.2023ലെ അപ്പീൽ അപേക്ഷ
2. ശ്രീ.അജയ് പ്രാൺ ബി സമർപ്പിച്ച 04.07.2023ലെ അപ്പീൽ അപേക്ഷ
3. ശ്രീ.അജീഷ് ഖാൻ എസ് എൽ സമർപ്പിച്ച 05.07.2023ലെ അപ്പീൽ അപേക്ഷ
4. ശ്രീ.റോണി ആൻഡ്രൂസ് സമർപ്പിച്ച 06.07.2023ലെ അപ്പീൽ അപേക്ഷ
5. ശ്രീമതി.ഷീബ ടി എ സമർപ്പിച്ച 13.07.2023ലെ അപ്പീൽ അപേക്ഷ
6. ശ്രീ.സിബി ജോർജ്ജ് സമർപ്പിച്ച 19.07.2023ലെ അപ്പീൽ അപേക്ഷ
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.10.2023ലെ എൽ എസ് ജി ഡി/പിഡി/59468/2023-ഡിഇബി3 നമ്പർ കത്ത്
8. 19.10.2023ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ ശിപാർശകൾ

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 2023-ലെ അക്കൗണ്ടന്റ്/ഹെഡ്ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ ഓൺലൈൻ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ പരാമർശം (1),(2),(3),(4),(5),(6) എന്നിവ പ്രകാരം ചുവടെപ്പറയും അപ്പീൽ അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു.

1. **ശ്രീമതി രശ്മി.എൻ.എസ്, സീനിയർ ക്ലർക്ക്**

രക്താർബുദ രോഗ ബാധിതയായ താൻ, മകളും നെടുമുടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കുമായ ശ്രീമതി രശ്മി എന്. എസ്സ് ന്റെ പരിചരണത്തിലണെന്നും വളരെയധികം ശാരീരി ബുദ്ധിമുട്ടുകളനുഭവിക്കുന്ന തന്റെ സരംക്ഷണാർത്ഥം ശ്രീമതി രശ്മി.എൻ.എസ്സ്-ന് പൊതു സ്ഥലംമാറ്റത്തിൽ വീട്ടിൽ നിന്നും വളരെ അകലെ അല്ലാതെ ജോലി സ്ഥലം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി രശ്മി എൻ. എസ്സ് ന്റെ മാതാവ് ശ്രീമതി സുലത പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു .

ശ്രീമതി.രശ്മി എൻ എസ്സ് നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയായിട്ടുള്ളതിനാലും ടിയാളുടെ ഓപ്ഷൻ പ്രകാരമുള്ള സ്റ്റേഷനുകളിൽ സ്റ്റേഷന് സീനിയോറിറ്റി കൂടിയതും സ്പെഷ്യൽ പ്രയോറിറ്റി, അനുകമ്പാർഹം എന്നീ വിഭാഗത്തിൽപെട്ട ജീവനക്കാർ അപേക്ഷകരായി ഉണ്ടായിരുന്ന സാഹചര്യത്തിലുമാണ് ടിയാൾ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ സ്ഥലംമാറ്റം ലഭിക്കാതിരുന്നത് എന്നും

നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയായിട്ടുള്ളതിനാൽ നിർബന്ധിത സ്ഥലമാറ്റത്തിൽ ടിയാൾ ഉൾപ്പെടേണ്ടതും വീട്ടിൽ നിന്നും അധികം അകലത്തിലല്ലാതെ സ്ഥലം മാറ്റം അനുവദിക്കണമെന്ന ആവശ്യം സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കിയിട്ടുള്ള ക്യൂ ലിസ്റ്റ് പ്രകാരം മാത്രമേ പരിഗണിക്കാൻ സാധിക്കൂ എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീമതി. രശ്മി എൻ എസ്സിന്റെ മാതാവ് ശ്രീമതി സുലത ആണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എങ്കിലും രക്താർബുദ രോഗ ബാധിതയായ ടിയാളുടെ മാതാവിന്റെ അപേക്ഷ കണക്കിലെടുത്ത് ക്യൂ ലിസ്റ്റ് പ്രകാരം ശ്രീമതി രശ്മി.എൻ.എസ്-ന് അനുയോജ്യമായസ്ഥലത്ത് നിയമനം നൽകുവാൻ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണെന്ന് പരാമർശം (8) പ്രകാരം അപ്പീൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

**2. ശ്രീ.അജയ് പ്രാൺ ബി , ഹെഡ് ക്ലർക്ക്**

നാറാണം മൂഴി ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീ.അജയ് പ്രാൺ ബി, തന്റെ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി പാലിക്കാതെയും അന്തിമ ക്യൂ ലിസ്റ്റിലെ സ്ഥാനം പരിഗണിക്കാതെയും പോസ്റ്റിങ്ങ് നടത്തിയതിലൂടെ തന്റെ 1-ാമത്തെയും 2-ാമത്തെയും ഓപ്ഷനുകളിലെ ഓപ്പൺ വേക്കൻസി നഷ്ടമായിട്ടുള്ളത് പുന:പരിശോധിച്ച് ഓപ്ഷൻ പ്രകാരമുള്ള ഓഫീസുകളിൽ എവിടെയെങ്കിലും സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

പൊതുസ്ഥലംമാറ്റ ലിസ്റ്റിലെ ടിയാന്റെ 3-ാംത്തെ ഓപ്ഷൻ ആയ കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലേക്ക് ടിയാന് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട് എന്ന് പരാമർശം (7) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.അജയ് പ്രാൺ ബിയുടെ അപ്പീലിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ ടി അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് പരാമർശം (8) പ്രകാരം അപ്പീൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

**3 .ശ്രീ.അജീഷ് ഖാൻ .എസ്.എൽ ,ഹെഡ് ക്ലർക്ക്**

പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീ.അജീഷ് ഖാൻ എസ് എൽ, അന്തിമ സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ടിയാനെ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി നിയമിച്ചിട്ടുള്ളതായും ഹെഡ്ക്ലർക്ക് തസ്തികയിൽ നിന്നും ജൂനിയർ കമ്പൽസറിയായി ജില്ലക്ക് പുറത്തേക്ക് സ്ഥലംമാറ്റപ്പെടുകയും എന്നാൽ ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ ടിയാളെ പരിഗണിക്കാതെ ജൂനിയേഴ്സിനെ നിയമിച്ച ശേഷം ടിയാനെ വിദൂരജില്ലയിൽ അക്കൗണ്ടന്റ് ആയി നിയമിച്ചു എന്നും അപ്പീൽ പരിഗണിച്ച് ഓപ്പൺ ഒഴിവുള്ള സ്റ്റേഷനിൽ ഹെഡ് ക്ലർക്ക് ആയി നിയമിക്കണം എന്നും ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

പൊതുസ്ഥലമാറ്റ അപേക്ഷയിൽ ശ്രീ.അജീഷ് ഖാൻ എസ് എൽ, 23 സ്റ്റേഷനുകൾ ആണ് ഓപ്ഷൻ ആയി നൽകിയിരുന്നത് എന്നും ടിയാനെക്കാൾ ഔട്ട് സ്റ്റേഷൻ സീനിയോരിറ്റിയും സ്റ്റേഷൻ സീനിയോറിറ്റിയും കൂടുതലുള്ള ആൾക്കാർക്കാണ് പ്രസ്തുത സ്റ്റേഷനുകൾ അനുവദിച്ചിട്ടുള്ളത് എന്നും 2023 വർഷത്തെ സ്ഥലംമാറ്റം Head Clerk/Accountat/General Extension Officer/Revenue Inspector തസ്തികകളെ ഒന്നായി പരിഗണിച്ചാണ് നടത്തിയത് എന്നും ഈ സാഹചര്യത്തിലാണ് ഹെഡ്ക്ളർക്ക് തസ്തികയിൽ ജൂനിയർ ആയ ടിയാൻ ജൂനിയർ കമ്പൽസറി പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റപ്പെട്ടതെന്നും സമാന തസ്തികകളിൽ ജൂനിയറായതിനാൽ അക്കൗണ്ടന്റിന്റെ ജോലി ചെയ്യേണ്ടി വന്നതെന്നും നിലവിൽ ടിയാൾ ഓപ്ഷൻ ആയി നൽകിയിരുന്ന ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലർക്കായി സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട് എന്നും പരാമർശം (7) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഹരിച്ചിട്ടുള്ള സാഹചര്യത്തിൽ അപ്പീൽ തീർപ്പാക്കുന്നതിന് പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**4. ശ്രീ.റോണി ആൻഡ്രൂസ്, ഹെഡ്ക്ലർക്ക്**

ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലർക്ക് ശ്രീ.റോണി ആൻഡ്രൂസ്, ടിയാന്റെ സ്പെഷ്യൽ പ്രയോറിറ്റി പരിഗണിക്കാതെ ജനറൽ ആയി, ഓപ്ഷൻ നൽകാത്ത പഞ്ചായത്തിൽ അലോട്ട് ചെയ്തു എന്നും ടിയാന്റെ ഒന്നാമത്തെ ഓപ്ഷൻ ആയ എരുത്തേൻപതി ഗ്രാമപഞ്ചായത്തിലെ നിലവിലെ ഹെഡ് ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന് അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ.റോണി ആൻഡ്രൂസിന്റെ ഒന്നാമത്തെ ഓപ്ഷൻ ആയ പാലക്കാട് ജില്ലയിലെ എരുത്തേൻപതി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ അപ്പീലിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് അപ്പീൽ കമ്മിറ്റി പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**5. ശ്രീമതി.ഷീബ ടി എ,അക്കൗണ്ടന്റ്**

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.ഷീബ ടി എ ,കോട്ടയം ജില്ലയിലെ പാറത്തോട് സ്വദേശിയാണ് എന്നും ടിയാൾക്ക് പ്രമോഷൻ നൽകി ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നു എന്നും തുടർന്ന് പൊതുസ്ഥലംമാറ്റത്തിൽ കോട്ടയം ജില്ലയിലേക്ക് സ്ഥംലമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും കാൽമുട്ടിന് ശസ്ത്രക്രിയ നടത്തിയിട്ടുള്ളതിനാൽ യാത്ര ചെയ്യുന്നതിനും നടക്കുന്നതിനും ബുദ്ധിമുട്ടാണ് എന്നും ഭർത്താവ് സർക്കാർ ജീവനക്കാരനാണ് എന്നും കൃ ലിസ്റ്റ് ഒബ്ജക്ഷനും കരട് ഉത്തരവിന്മേൽ അപ്പീലും സമർപ്പിച്ചിരുന്നെങ്കിലും കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയിട്ടുണ്ട് എന്നും ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അർഹതയുള്ള പ്രയോറിറ്റി നൽകി ടിയാൾ ഓപ്ഷൻ നൽകിയിട്ടുള്ള കോട്ടയം ജില്ലയിലെ പഞ്ചായത്തുകളിലേക്കോ കോട്ടയം ജില്ലയിലെ മറ്റേതെങ്കിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കോ ട്രാൻസ്ഫർ നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (5) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീമതി.ഷീബ ടി എ-യെ അക്കൗണ്ടന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയാണ് ഏലപ്പാറ ഗ്രാമപഞ്ചായത്തിലേക്ക് നിയമിച്ചിരുന്നത് എന്നും തുടർന്ന് ടിയാളെ ജൂനിയർ കംപൽസറി ആയി പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലമാറ്റിയെന്നും ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാരാണ് എന്നുള്ള മുൻഗണന ലഭിക്കുന്നതിലേക്കായി ഭാര്യാഭർതൃ ബന്ധം തെളിയിക്കുന്ന രേഖകളോ കംപാഷണേറ്റ് കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ മെഡിക്കൽ രേഖകളോ ഓൺലൈൻ അപേക്ഷയോടൊപ്പം ടിയാൾ ഹാജരാക്കിയിരുന്നില്ല എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൾ സ്ഥലം മാറ്റത്തിന് മുൻഗണന ലഭിക്കുന്നതിന് ആവശ്യമായ രേഖകളൊന്നും തന്നെ യഥാസമയം സമർപ്പിച്ചിരുന്നില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ കൃ ലിസ്റ്റ് പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് പരാമർശം (8) പ്രകാരം അപ്പീൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

**6. ശ്രീ.സിബി ജോർജ്ജ് സി എ, ഹെഡ് ക്ലർക്ക്**

കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീ.സിബി ജോർജ്ജ് സി എ, ടിയാന്റെ ഹെഡ് ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയോടൊപ്പം കൂട്ടിചേർക്കേണ്ട അക്കൗണ്ടന്റ് തസ്തികയിലെ സ്റ്റേഷൻ സീനിയോറ്റി നൽകിയിട്ടില്ല എന്നും ഇക്കാരണത്താൽ സീനിയർ ആയ ജീവനക്കാർ (ഹെഡ് ക്ലർക്ക്മാർ) ജൂനിയറായ അക്കൗണ്ടന്റിനെക്കാളും പിന്നിലായി പോയി എന്നും ടിയാന് ന്യായമായ സ്ഥലംമാറ്റം നൽകണമെന്നും പ്രൊമോഷൻ മൂലം ഒഴിവുകൾ ഉണ്ടാകുമ്പോൾ എറണാകുളം/ആലപ്പുഴ ജില്ലകളിലേക്കുള്ള ടിയാന്റെ അർഹത പരിഗണിച്ച് ടിയാന് സൗകര്യപ്രദമായ ഓഫീസിലേക്ക് നിയമനം നൽകണമെന്നും

ആവശ്യപ്പെട്ട് പരാമർശം (6) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ.സിബി ജോർജ്ജ് സി-യെ, ടിയാളുടെ പത്താമത്തെ ഓപ്ഷൻ ആയ എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട് എന്ന് പരാമർശം (7) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ അപ്പീലിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് പരാമർശം (8) പ്രകാരം അപ്പീൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടുകളുടേയും അപ്പീൽ കമ്മിറ്റി ശിപാർശകളുടേയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നെടുമുടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.രശ്മി.എൻ.എസ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടില്ല എങ്കിലും ഗുരുതര രോഗബാധിതയായ ടിയാളുടെ മാതാവിന്റെ പരാമർശം(1) പ്രകാരമുള്ള അപേക്ഷ കണക്കിലെടുത്ത്, ക്യൂ ലിസ്റ്റ് പ്രകാരം ടിയാൾക്ക് ഉചിതമായ നിയമനം നൽകുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.
2. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി.ഷീബ ടി എ പരാമർശം (5) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ, ക്യൂ ലിസ്റ്റ് പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.
3. നാറാണം മൂഴി ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീ.അജയ് പ്രാൺ ബി, പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീ.അജീഷ് ഖാൻ എസ് എൽ , ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീ.റോണി ആൻഡ്രൂസ്, കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലർക്ക് ശ്രീ.സിബി ജോർജ്ജ് സി എ, എന്നിവർ യഥാക്രമം പരാമർശം (2), (3), (4) , (6) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷകളിലെ ആവശ്യങ്ങൾ പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
4.ഡയറക്ടർ . ഐ കെ എം
5.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
6.കരുതൽ ഫയൽ (ഫയൽ നം.241/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 14-12-2023 11:12:02

സ.ഉ.(സാധാ) നം.2486/2023/LSGD

സെക്ഷൻ ഓഫീസർ